**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 998** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഉൾക്കാട്ടുകളിൽ അധിവസിക്കുന്ന കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ ഉൾക്കാട്ടുകളിൽ അധിവസിക്കുന്ന ആളുകളുടെ/കുടുംബങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം വനപ്രദേശങ്ങളിലാണ് ഇവർ അധിവസിക്കുന്നത് എന്ന വിവരം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ ഉൾക്കാട്ടുകളിൽ അധിവസിക്കുന്ന ആളുകളുടെ / കുടുംബങ്ങളുടെ എണ്ണവും അവർ അധിവസിക്കുന്ന വനപ്രദേശങ്ങളുടെയും വിവരങ്ങൾ വനം ഡിവിഷൻ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഉൾക്കാട്ടുകളിൽ അധിവസിക്കുന്നവരെ മാറ്റിപാർപ്പിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര പേരെ മാറ്റിപാർപ്പിച്ചിട്ടുണ്ടെന്നും ഇവർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് മാറ്റിപാർപ്പിയ്ക്കുമ്പോൾ നൽകിയിട്ടുള്ളതെന്നും കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽ നിന്നും പുനരധിവാസത്തിനായുള്ള ആവശ്യം ഉയരുന്നുണ്ട്. ഇതിലേക്കായി പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി (14.11.2019-ലെ ജി.ഒ.(ആർ.റ്റി) 483/2018/പി&ഇ.എ നമ്പർ ഉത്തരവ്), കിഫ്ബി Phase II (23.01.2020-ലെ ജി.ഒ (എം.എസ്) 2/2020/വനം, 02.08.2021-ലെ ജി.ഒ (എം.എസ്) 12/2021/വനം നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ടി പദ്ധതി പ്രകാരം 97 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുകയായ 15 ലക്ഷം രൂപ വീതം നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. 97 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ), 121 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതാണ്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ |

| | | | |
|---|---|---|---|
| | | | ഈ പദ്ധതി പ്രകാരം 23.625 കോടി രൂപ ചിലവഴിച്ചിട്ടുള്ളതാണ്.<br><br>**<u>വയനാട് സ്വയംസന്നദ്ധത പുനരധിവാസ പദ്ധതി</u>**<br><br>കൂടാതെ വയനാട് വന്യജീവി സങ്കേതത്തിലെ ഉൾക്കാട്ടിൽ അധിവസിക്കുന്നവർക്ക് വന്യമൃഗശല്യം രൂക്ഷമായ സാഹചര്യത്തിൽ കേന്ദ്രസഹായത്തോട്ട കൂടിയുള്ള സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 382 കുടുംബങ്ങൾക്ക് തുക കൈമാറുകയും 319 കുടുംബങ്ങളെ സെറ്റിൽമെന്റുകളിൽ നിന്നും മാറ്റി പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയ്ക്ക് വേണ്ടി 37.96 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ മാറ്റി പാർപ്പിക്കപ്പെട്ടവർ തിരികെ കാട്ടിലേക്ക് മടങ്ങുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ മാറ്റിപാർപ്പിക്കപ്പെട്ട എത്ര പേർ തിരികെ ഉൾക്കാടുകളിലേക്ക് മടങ്ങിപ്പോയിട്ടുണ്ട്എന്ന വിവരം ലഭ്യമാക്കുമോ? | (സി) | ഇത്തരത്തിൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ പങ്കാളികളായവർ തിരികെ കാട്ടിലേക്ക് മടങ്ങുന്ന സാഹചര്യം നിലവിലില്ല. കഴിഞ്ഞ 5 വർഷത്തിനിടയിൽ മാറ്റിപ്പാർപ്പിച്ചവർ/ മാറിത്താമസിച്ചവർ ആരും തന്നെ തിരികെ കാട്ടിലേക്ക് വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ

| ക്രമ. നം. | വനം പ്രദേശം | ആളുകളുടെ / കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| | **<u>സതേൺ സർക്കിൾ കൊല്ലം</u>** | |
| 1 | തിരുവനന്തപുരം | 5247 |
| 2 | തെന്മല | 75 |
| 3 | പുനലൂർ | 299 |
| 4 | അച്ചൻകോവിൽ | 6 |
| 5 | കോന്നി | 164 |
| 6 | റാന്നി | 1063 |
| | **<u>ഹൈറേഞ്ച് സർക്കിൾ കോട്ടയം</u>** | |
| 7 | കോതമംഗലം | 493 |
| 8 | മൂന്നാർ | 1110 |
| 9 | മറയൂർ | 582 |
| | **<u>സെൻട്രൽ സർക്കിൾ, തൃശൂർ</u>** | |
| 10 | വാഴച്ചാൽ | 385 |
| 11 | മലയാറ്റൂർ | 898 |
| | **<u>ഈസ്റ്റേൺ സർക്കിൾ, പാലക്കാട്</u>** | |
| 12 | നിലമ്പൂർ നോർത്ത് | 432 |
| 13 | നിലമ്പൂർ സൗത്ത് | 312 |
| 14 | മണ്ണാർക്കാട് | 998 |
| 15 | പാലക്കാട് | 142 |
| 16 | നെന്മാറ | 329 |
| | **<u>നോർത്തേൺ സർക്കിൾ, കണ്ണൂർ</u>** | |
| 17 | കണ്ണൂർ | 1345 |
| 18 | നോർത്ത് വയനാട് | 353 |
| 19 | സൗത്ത് വയനാട് | 24 |
| | **<u>വൈൽഡ് ലൈഫ് പാലക്കാട്</u>** | |
| 20 | വയനാട് വൈൽഡ് ലൈഫ് | 11433 |
| 21 | സൈലന്റ് വാലി | 497 |

| | | |
|---|---|---|
| 22 | പറമ്പികുളം | 289 |
| 23 | പീച്ചി | 139 |
| | **<u>എഫ്.ഡി.പി.റ്റി. കോട്ടയം</u>** | |
| 24 | പെരിയാർ ടൈഗർ റിസർവ്വ്, ഈസ്റ്റ് ഡിവിഷൻ, തേക്കടി | 82 |
| 25 | പെരിയാർ ടൈഗർ റിസർവ്വ്, വെസ്റ്റ് ഡിവിഷൻ, പീരുമേട് | 208 |
| 26 | വൈൽഡ് ലൈഫ് ഡിവിഷൻ, മൂന്നാർ | 750 |
| 27 | വൈൽഡ് ലൈഫ് ഡിവിഷൻ, ഇടുക്കി | 2400 |
| | **<u>എ.ബി.പി.</u>** | |
| 28 | നെയ്യാർ വന്യജീവി സങ്കേതം | 662 |
| 29 | പേപ്പാറ | 103 |
| 30 | എ.ബി.പി. | 206 |
| 31 | ശെന്തുരുണി വൈൽഡ് ലൈഫ് റെയിഞ്ച് | 230 |
| | **ആകെ** | **31,256** |